"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - എറണാകുളം ജില്ല വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് ഓഫീസ് ക്ലാർക്ക് ശ്രീ. അനൂപ് കുമാർ എസ് -ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് -ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1442/2026/LSGD തീയതി,തിരുവനന്തപുരം, 05-08-2026

---

പരാമർശം:-

1. 23.04.2020ലെ സ ഉ (കൈ) നം.81/2020/പൊഭവ.
2. പഞ്ചായത്ത് ഡയറക്ടറുടെ 05.08.2020ലെ PAN/505/2020-E14(DP) നമ്പർ നടപടിക്രമങ്ങൾ .
3. പഞ്ചായത്ത് ഡയറക്ടറുടെ 09.06.2022ലെ PAN/505/2020-E14(DP) നമ്പർ നടപടിക്രമങ്ങൾ.
4. തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ 20.03.2023ലെ ഡിഡിപി-ഇകെഎം/434/2023-ഇ5 നമ്പർ നടപടിക്രമങ്ങൾ.
5. തദ്ദേശസ്വയംഭരണ വകുപ്പ് എറണാകുളം ജോയിന്റ് ഡയറക്ടറുടെ 12.03.2025ലെ LSGD/JD/EKM/1013/2023-A3 നമ്പർ നടപടിക്രമങ്ങൾ.
6. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23.06.2026 ലെ LSGD/PD/2482/2025-DEC3 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. അനൂപ് കുമാർ എസ് -ന്റെ പ്രൊബേഷൻ കാലയളവ് 13.11.2022 മുതൽ 24.11.2022 തീയതി വരെ ദീർഘിപ്പിക്കുന്നതിന് പരാമർശം ( 6 ) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്.

2.പരാമർശം (1) , (2) എന്നിവ പ്രകാരം ആഭ്യന്തരവകുപ്പിൽ നിന്നും പഞ്ചായത്ത് വകുപ്പിലേക്ക് പുനർവിന്യസിക്കപ്പെട്ട ശ്രീ അനൂപ് കുമാർ എസ്, എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിൽ 27.08.2020 തീയതിയിൽ സേവനത്തിൽ പ്രവേശിക്കുകയും പരാമർശം (3) പ്രകാരം ടിയാന്റെ നിയമനം ഒഴിവ് റിപ്പോർട്ട് ചെയ്ത തീയതിയായ 16.08.2019 തീയതി പ്രാബല്യത്തിൽ ക്രമവൽകരിച്ചിട്ടുള്ളതുമാണ്. ടിയാൻ നിരീക്ഷണ കാലയളവിനുള്ളിൽ 89 ദിവസത്തെ അവധികൾ ഉപയുക്തമാക്കിയിട്ടുള്ളതിനാൽ, പ്രൊബേഷൻ കാലം 12.11.2021 ൽ സ്വാഭാവികമായും പൂർത്തിയാകുന്നു. പ്രൊബേഷൻ കാലയളവിനുള്ളിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് ആവശ്യമായ വകുപ്പുതല പരീക്ഷ വിജയിക്കാത്തതിനാൽ, ടിയാന്റെ നിരീക്ഷണകാലയളവ് 13.11.2021 മുതൽ ഒരു വർഷത്തേക്ക് പരാമർശം (4) . (5) എന്നിവ പ്രകാരം ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ശ്രീ. അനൂപ് കുമാർ എസ്- ന്റെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്ക നടപടികളോ നിലവിലില്ലായെന്നും ടിയാൻറെ സ്വഭാവവും പ്രവൃത്തിയും തൃപ്തികരമാണെന്നും വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടിയാൻ 22.11.2022 തീയതിയിൽ

പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ വകുപ്പുതല പരീക്ഷ വിജയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (6) പ്രകാരമുള്ള ശിപാർശ പരിഗണിച്ച്, എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. അനൂപ് കുമാർ എസ് -ന്റെ പ്രൊബേഷൻ 23.11.2022 തീയതി പ്രാബല്യത്തിൽ നിയമനാധികാരിക്ക് പ്രഖ്യാപിക്കുന്നതിനായി, ടിയാന്റെ പ്രൊബേഷൻ കാലയളവ് KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 13.11.2022 മുതൽ 24.11.2022 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.കെ അനിൽ ജോയ്
ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം.
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ.
3.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് , എറണാകുളം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
4.സെക്രട്ടറി,വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
5.ശ്രീ. അനൂപ് കുമാർ എസ് , ക്ലർക്ക് , വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
6.ഡയറക്ടർ . ഐ കെ എം.
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ).
8.കരുതൽ ഫയൽ (ഫയൽ നം.124/ഇപിഎ1/2025-എൽഎസ്ജിഡി).

ഉത്തരവിൻ പ്രകാരം
Digitally signed by
Noushad. S
Date: 05-08-2026
17:48:11
സെക്ഷൻ ഓഫീസർ